**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3387** **19.06.19 ൽ മറുപടിയ്ക്ക്**

## അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2019 ഏപ്രിൽ 1 മുതൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ നിർബന്ധമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതുപ്രകാരം സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പുതിയ വാഹനങ്ങൾ അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിച്ചാണോ നിരത്തിലിറക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പുതിയ വാഹനങ്ങളിൽ 01/04/2019 ന് ശേഷം നിർമ്മിച്ചവയ്ക്ക് വാഹന ഉൽപ്പാദകർ തന്നെ അതി സുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിച്ച് നൽകണമെന്നാണ് കേന്ദ്ര റോഡ് ഗതാഗത ഉപരിതല മന്ത്രാലയത്തിന്റെ നിർദ്ദേശം, ആയതിൻ പ്രകാരമാണ് നിലവിൽ വാഹനങ്ങൾ വിൽക്കപ്പെടുന്നതും, നിരത്തിലിറക്കുന്നതും. |
| (സി) | അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കാത്ത പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകരുതെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് മൂലം ഉളവായിട്ടുള്ള പ്രശ്നങ്ങൾ എപ്രകാരം പരിഹരിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | അതി സുരക്ഷാ നമ്പർ പ്ലേറ്റ് ഘടിപ്പിക്കാത്ത പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകരുത് എന്ന് നിർദ്ദേശിക്കപ്പെട്ടിട്ടില്ല, എന്നാൽ, 01/04/2019 മുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന വാഹനങ്ങൾക്ക് അതി സുരക്ഷാ നമ്പർ പ്ലേറ്റ് ബാധകമാണെന്ന് നിർദ്ദേശിക്കുന്നുണ്ട് കൂടാതെ ഇതുമായി ബന്ധപ്പെട്ട് മറ്റ് പ്രശ്നങ്ങളൊന്നും തന്നെ നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**